

Monthly Price Rs.4 Year 2[illegible]

# ദി ബൈബിൾ
# ട്രൂത്ത്



# THE BIBLE TRUTH

# താല്ക്കാലിക വരങ്ങൾ



# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 24** **March 2010** **No.12**

# എഡിറ്റോറിയൽ

ക്രമാതീതമായി വർദ്ധിച്ചുവരുന്ന പ്രതിഭാസമാണ് വിവാദങ്ങൾ. ഇതു എല്ലാ മേഖലകളിലും കാണുന്നുണ്ട്. മതത്തിലും, രാഷ്ട്രീയത്തിലും, കലയിലും, സംസ്കാരത്തിലും കാണപ്പെടുന്നുണ്ട്. അതിന്റെ കാരണങ്ങളും ദോഷങ്ങളും പ്രതിവിധിയും നാം അറിഞ്ഞിരിക്കണം. ഏതൊരു വ്യക്തിക്കും അയാളുടേതായ അഭിപ്രായമുണ്ട്. ദൈവം മനുഷ്യരെ അത്തരത്തിലാണ് സൃഷ്ടിച്ചിരിക്കുന്നത്. കാര്യങ്ങൾ ഓരോരുത്തരും ഗ്രഹിക്കുന്നതു ഓരോ വിധത്തിലാണ്. എന്റെ കാഴ്ച്ചപ്പാട് മറ്റൊരാളുടേതിൽ നിന്നു വ്യത്യസ്തമായിരിക്കും. അതേ സമയത്ത് മനുഷ്യരെല്ലാവരും അറിവിൽ കുറവുള്ളവരാണ്, തികഞ്ഞവരല്ല എന്ന കാര്യം നാം തിരിച്ചറിയണം. പണ്ടും അഭിപ്രായ വ്യത്യാസങ്ങൾ മനുഷ്യർക്കിടയിലുണ്ടായിരുന്നു. അതിനും അതിന്റേതായ കാരണങ്ങളുണ്ടായിരുന്നു. ഏതൊരു വിഷയത്തെ കുറിച്ചായാലും തർക്കമോ വാദപ്രതിവാദമോ കൊണ്ട് ഒരു പരിഹാരവും ഉണ്ടാവുകയില്ല എന്നു മാത്രമല്ല അതു സങ്കീർണ്ണമാക്കുവാനേ സാധിക്കൂ. ചിലർക്ക് എന്തിനേയും എതിർക്കുവാനുള്ള ചേതോവികാരമാണുള്ളത്. അത് അവരുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുകയാണ്. അതു തെറ്റാണെന്നു സ്വയം മനസ്സിലാക്കാതെ അവർ അതിൽനിന്നു പിൻമാറുകയില്ല. സംശയമുള്ള കാര്യമോ അല്ലെങ്കിൽ പൂർണ്ണമായ അറിവില്ലാത്ത കാര്യമോ ആണ് പലപ്പോഴും വിവാദം ആകുന്നത്.

കാര്യങ്ങൾ മനസ്സിലാക്കുവാനും പഠിക്കുവാനും താഴ്മയാണ് വേണ്ടത്. ഏതൊരു കാര്യത്തിനും രണ്ടു വശമുണ്ട്. ഒരു ഭാഗം മാത്രം മനസ്സിലാക്കി നാം ഒരു തീർപ്പു കല്പിക്കരുത്. ഏതൊരു സംശയത്തിനും നിവാരണമുണ്ട്. ഏതൊരു അജ്ഞതക്കും പരിഹാര മുണ്ട്. അതുപോലെ അല്പജ്ഞാനം അപകടം വരുത്തുമെന്നും തിരിച്ചറിയുക. നിങ്ങളും ഞാനും ഇന്നു ആധികാരികമായി ദൈവ വചനത്തെ പൂർണ്ണമായും വിശ്വസിക്കുകയും പൂർണ്ണമായും അതിനു കീഴ്പ്പെടുകയും വേണം. ദൈവേഷ്ടമാണ് ബൈബിളിലുള്ളത്. ദൈവത്തിനു കീഴ്പ്പെടാത്തവൻ മനുഷ്യർക്കും കീഴ്പ്പെടുകയില്ല. ദൈവത്തെ പൂർണ്ണമായി വിശ്വസിക്കാത്തവനു മനുഷ്യരേയും വിശ്വസിപ്പാൻ സാധ്യമല്ല. അന്യോന്യം കീഴ്പ്പെടുവാൻ ഒരാൾക്ക് കഴിയണമെങ്കിൽ അയാൾ ദൈവത്തിനു കീഴ്പ്പെടണം. ഞാനാണ് മറ്റുള്ളവരേക്കാൾ ശ്രേഷ്ഠൻ എന്ന ചിന്താഗതി എന്നിൽ ഉണ്ടെങ്കിൽ എനിക്കു താഴുവാനോ മറ്റുള്ളവർ പറയുന്നതു സ്വീകരിപ്പാനോ കഴിയുകയില്ല. അപ്പോൾ അതു മനോഭാവത്തിന്റെ പ്രശ്നമാണ്. സർവ്വത്തിന്റെയും പരമാധികാരി ദൈവമാണ്. ആ ദൈവത്തിന്റെ അരുളപ്പാടുകൾ മനുഷ്യനു പരിജ്ഞാനവും സംസ്ക്കാരവും ആത്മീയ നിലവാരവും നല്കുന്നതാണ്. ദൈവം പരിശുദ്ധനാണ്. പരിശുദ്ധനെ കുറിച്ചുള്ള പരിജ്ഞാനമാണ് വിവേകം. വിവേകമുള്ള വർ വാദപ്രതിവാദം നടത്തുകയില്ല. അവർ അന്യോന്യം ബഹു മാനിക്കും. അവർ അന്യോന്യം മനസ്സിലാക്കും. ദൈവത്തെയും ദൈവഹിതത്തേയും മനസ്സിലാക്കുന്നവർ തങ്ങളുടെ മനോഭാ വത്തിൽ ആവശ്യമായ മാറ്റം വരുത്തും.

ദൈവം പറഞ്ഞിരിക്കുന്നതു എന്റെ വിചാരങ്ങൾ അല്ല നിങ്ങ ളുടേത്. നിങ്ങളുടെ വിചാരം പോലെയല്ല എന്റേത്. ദൈവത്തിന്റെ ചിന്തകളും വഴികളും മനുഷ്യരുടേതിൽ നിന്നുയർന്നതാണ്. തർക്കവും വാദവും അന്യോന്യം ഒതുങ്ങാതെ പുറത്തു കടക്കു മ്പോൾ നമ്മെ കുറിച്ചുള്ള മതിപ്പു സമൂഹത്തിൽ കുറയും. അതുകൊണ്ട് ബൈബിളിൽ പറഞ്ഞിരിക്കുന്നത് മൗഢ്യതർക്കം ഒഴിവാക്കുവാനാണ്. മാത്രമല്ല ഇത്തരം വിവാദങ്ങൾ മുറുകി അരുതാത്തതു സംസാരിക്കും. അങ്ങനെ അന്യോന്യം വ്രണ പ്പെടുത്തും. പിന്നീട് അന്യോന്യം അടുക്കുവാൻ ആ മുറിവു

തടസമായി തീരും. അതു കുടുംബത്തിലായാലും, സമൂഹത്തിലായാലും സഭയിലായാലും വാസ്തവമാണ്. അപ്പോൾ, അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായാൽ അവ തമ്മിൽ പറഞ്ഞു പരിഹരിക്കുവാൻ ശ്രമിക്കണം. ഒരു മദ്ധ്യസ്ഥൻ ആവശ്യമായി വരുന്നതു നമുക്ക് ഊഹിക്കാവുന്നതാണ്. ദൈവത്തിനും മനുഷ്യർക്കും തമ്മിൽ അടുത്തുകൂടാത്ത വിധത്തിൽ അകൽച്ചയുണ്ടായപ്പോൾ ദൈവം യേശുക്രിസ്തു എന്ന മദ്ധ്യസ്ഥനെ ദൈവത്തോടു നമ്മെ നിരപ്പിക്കുവാൻ അയച്ചു. ദൈവത്തേയും മനുഷ്യരേയും നന്നായി മനസിലാക്കുവാൻ കഴിവുള്ളവനായിരുന്നു അവൻ. അവന്റെ മദ്ധ്യസ്ഥതയിൽ നിങ്ങൾക്കു വിശ്വാസമുണ്ടെങ്കിൽ അവൻ നിങ്ങളുടെ സകല തെറ്റുകളും ക്ഷമിക്കും. പാപങ്ങളിൽ നിന്നു തിരിഞ്ഞു മാനസാന്തരപ്പെട്ടു ക്രിസ്തുവിന്റെ കർത്തൃത്വത്തെ ഏറ്റു പറഞ്ഞു പാപമോചനസ്നാനം ഏല്ക്കുക. അപ്പോൾ ദൈവം നിങ്ങളെ രക്ഷിച്ചു അവന്റെ സഭയോടു ചേർക്കും. തുടർന്നു നിങ്ങൾ വചനം പഠിച്ചു അതിൽ വിശ്വസ്തത പുലർത്തി മരണത്തോളം അവന്റെ സഭയിൽ ജീവിച്ചാൽ അവൻ വാഗ്ദാനം ചെയ്ത നിത്യജീവൻ നിങ്ങൾക്കു ലഭിക്കും.

✶

# ആരാധനയിൽ ദൈവേച്ഛ പ്രകാരമുള്ള സംഗീതം

## J.C. ചോട്ട്

മനുഷ്യരായ നാം പല വിധത്തിലും വ്യത്യസ്തരാണ്. നാം ആഗ്രഹിക്കുന്ന കാര്യങ്ങൾ നമ്മുടെ ഇഷ്ടപ്രകാരം ചെയ്യുവാനാണ് നമുക്കു താല്പര്യം. ആത്മീയ കാര്യത്തിൽ ആണെങ്കിൽ പോലും ദൈവത്തിന്റെ ഇഷ്ടത്തെ മറി കടക്കുവാനാണ് താല്പര്യം. എന്താണിതിനു കാരണം? ഇതുകൊണ്ടുണ്ടാവുന്ന ഫലമെന്താണ്? ചിന്തിച്ച് വേണ്ടതായ തിരുത്തലുകൾക്കു വിധേയരാകണം. വാദിച്ചു ജയിക്കാനോ തർക്കിച്ചു സമയം പാഴാക്കുവാനോ അല്ല. പിന്നെയോ ദൈവവുമായ നമ്മുടെ ബന്ധം കരുത്തുള്ളതാകുവാൻ ഇതു

സഹായകരമാകും.

പുതിയ നിയമ എഴുത്തുകളിൽ അധികാരപ്പെടുത്താതിരിക്കുന്ന ഉപകരണ സംഗീതം എന്തുകൊണ്ടാണ് നിങ്ങൾ ആരാധനയിൽ ഉപയോഗിക്കുന്നതു എന്നു ക്രിസ്തുവിൽ വിശ്വസിക്കുന്ന അനേകം സ്നേഹിതരോടു ഞാൻ ചോദിക്കുകയുണ്ടായി. അതാണ് അവർക്കു കൂടുതൽ ഇഷ്ടം എന്ന മറുപടിയാണ് ഭൂരിഭാഗം പേരിൽ നിന്നും കിട്ടിയത്. കുറെ പേർ പഴയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വേദഭാഗങ്ങളെ എടുത്തു ന്യായീകരിക്കുന്നതിനും ശ്രമിക്കാറുണ്ട്. എന്നാൽ ഉപകരണങ്ങൾ, ഉപയോഗിക്കാതെ പാട്ടുപാടി ദൈവത്തെ ആരാധിച്ചുകൂടെ എന്ന ചോദ്യത്തിനു 'ആരാധിക്കാം' എന്ന മറുപടിയും കിട്ടിയിട്ടുണ്ട്. അവരുടെ മറുപടിയിൽ നിന്നു മനസ്സിലാക്കുന്നതു ഉപകരണങ്ങൾ ഉപയോഗിച്ച് പാടിയാലും ഉപയോഗിക്കാതെ പാടിയാലും ദൈവം കേൾക്കും എന്നു അവർ വിശ്വസിക്കുന്നു എന്നതാണ്.

പക്ഷെ ഈ ചോദ്യം പരിഗണനക്കായി എടുക്കുക. ആരാധനയിൽ അടങ്ങിയിട്ടുള്ള ഭാഗങ്ങളിൽ ഏതെങ്കിലും ഒന്നു നമുക്കു തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം തന്നിട്ടുണ്ടോ? നാം പ്രാർത്ഥിച്ചാലും ഇല്ലെങ്കിലും അതു ഒരുപോലെ സ്വീകാര്യമായിരിക്കുമോ? ദൈവ വചനം വായിക്കുന്നതിനു പകരം വർത്തമാനപത്രം വായിച്ചാലോ? കർത്തൃമേശ എടുത്താലും ഇല്ലെങ്കിലും അതു ഒരുപോലെ ദൈവം അംഗീകരിക്കുമോ? നമ്മുടെ വരുമാനം ദൈവത്തിനു കൊടുത്താലും അതു നമ്മുടെ ആവശ്യങ്ങൾക്കു മാത്രമായി ചെലവാക്കിയാലും ഒരുപോലെ ആയിരിക്കുമോ?

ഈ കാര്യങ്ങളെ സംബന്ധിച്ച് ദൈവം എന്താണ് ബൈബിളിൽ കൂടെ പഠിപ്പിക്കുന്നതെന്നു നമുക്ക് അറിയാം. നാം കർത്താവിനെ ആരാധിക്കുവാൻ പറഞ്ഞിട്ടുള്ള ഘടകങ്ങളിൽ ഒന്നുപോലും നമ്മുടെ തിരഞ്ഞെടുപ്പിനായി വിട്ടു തന്നിട്ടില്ല എന്നതാണ് വാസ്തവം. ദൈവസന്നിധിയിൽ നാം അവനെ നമസ്ക്കരിക്കുവാൻ ചെല്ലുമ്പോൾ നാം എന്തു ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ അതു വളരെ വ്യക്തമായി അവന്റെ വചനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ദൈവം ആത്മാവാകുന്നു; അവനെ നമസ്ക്കരിക്കുന്നവർ അവനെ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം എന്നു കർത്താവു

തന്നെ പ്രത്യേകമായി എടുത്തു പറഞ്ഞിരിക്കുന്നു (യോഹന്നാൻ 4:24). ശരിയായ മനോഭാവത്തോടെ, നല്ല ഹൃദയത്തോടെ വേണം ദൈവത്തെ ആരാധിക്കുവാൻ. സത്യം എന്ന വചന പ്രകാര വുമായിരിക്കണം. ദൈവത്തിന്റെ വചനത്തിൽ രേഖപ്പെടു ത്തിയിരിക്കുന്നതനുസരിച്ച് സുപ്രധാനമായ ആരാധനയിലെ ഒന്നും തന്നെ നമ്മുടെ ഇഷ്ടപ്രകാരം തിരഞ്ഞെടുക്കാവുന്നതല്ല. മറിച്ച് ദൈവം പറഞ്ഞിരിക്കുന്നതു അങ്ങനെ തന്നെ നിർവ്വഹിക്കുക എന്നാണ് നമ്മുടെ ധർമ്മം.

ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നവർ വിശേഷിച്ച് ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ, ദൈവം പ്രത്യേകമായി പറഞ്ഞിരിക്കുന്നതു അങ്ങനെ തന്നെ ചെയ്യാൻ താല്പര്യപ്പെടും. എഴുതിയിരിക്കുന്നതിനപ്പുറമായി ഭാവിക്കുകയില്ല എന്നർത്ഥം (1 കൊരിന്ത്യർ 4:6). തന്റെ ജനം തന്നോടു എങ്ങനെ യെല്ലാം ആയിരിക്കണമെന്ന് ദൈവം നിർദ്ദേശിച്ചിട്ടുണ്ട്. നാം നമ്മെ തൃപ്തിപ്പെടുത്താനല്ലേ നമ്മുടെ ഇഷ്ടം ചെയ്യുന്നത്? പിതാവിനെ സന്തോഷിപ്പിക്കണമെങ്കിൽ അവന്റെ ആഗ്രഹത്തെ നാം മനസ്സിലാക്കി പ്രവർത്തിക്കണം. നാം ദൈവ സന്നിധിയിൽ ചെന്നു നമ്മുടെ സ്വന്തം ഇഷ്ടമനുസരിച്ച് പ്രവർത്തിക്കുമ്പോൾ ദൈവം എങ്ങനെ അതിൽ സംപ്രീതനാകും? അതു വിരോധാഭാസമാണ്. നാം ദൈവത്തെ ആദരവോടെ വേണം പ്രസാദിപ്പിക്കുവാൻ. ഞാൻ എന്റെ ഇഷ്ടപ്രകാരം ചെയ്യും; ദൈവത്തിനു വേണമെങ്കിൽ സ്വീകരിക്കണം എന്ന മനോഭാവം ശരിയല്ല. കയ്യീൻ അങ്ങനെ ചെയ്തതിന്റെ ഫലം അനുഭവിക്കുക തന്നെ ചെയ്തു.

ജാതികൾ അവരുടെ ആരാധനകളിൽ വ്യത്യസ്തമായ പല വാദ്യോപകരണങ്ങൾ ഉപയോഗിച്ച് വന്നിട്ടുണ്ട്. യെഹൂദന്മാർ പരിമി തമായ രീതിയിലും ഉപയോഗിച്ചു വന്നിട്ടുണ്ട്. അവർ യെരുശലേം ദേവാലയത്തിനു പുറത്തു മാത്രമെ ഉപയോഗിച്ചിരുന്നുള്ളൂ എന്ന താണ് പ്രത്യേകത. മറ്റുള്ളവർ ചെയ്യുന്നതിനെ അനുകരിക്കുന്ന പ്രവണത മനുഷ്യരിൽ ഉണ്ട്. എന്നാൽ അതാണോ പുതിയ നിയമ പുസ്തകത്തിൽ നാം വായിക്കുന്നത്? ഒരു കുടുംബമായി, കർത്താവിന്റെ സഭയായി ദൈവത്തെ ആരാധിക്കുന്നവർ എങ്ങനെ ആരാധിക്കണമെന്ന് പ്രബോധിപ്പിച്ചിട്ടുണ്ട്. നാം അതു ശ്രദ്ധയോടെ

വായിച്ച് മനസ്സിലാക്കി പ്രവർത്തിക്കണം.

❖ പിന്നെ അവർ സ്തോത്രം പാടിയശേഷം ഒലിവുമലക്കു പോയി (മത്തായി 26:30; മർക്കൊസ് 14:26).

❖ അർദ്ധരാത്രിക്കു പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു (പ്രവൃത്തികൾ 16:25).

❖ അതുകൊണ്ടു ഞാൻ ജാതികളുടെ ഇടയിൽ നിന്നെ വാഴ്ത്തി നിന്റെ നാമത്തിനു സ്തുതി പാടും (റോമർ 5:10).

❖ ആകയാൽ എന്തു? ഞാൻ ആത്മാവുകൊണ്ടു പാടും; ബുദ്ധികൊണ്ടും പാടും (1 കൊരിന്ത്യർ 14:15).

❖ സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും കൊണ്ടിരിപ്പിൻ (എഫെസ്യർ 5:19).

സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ (കൊലൊസ്യർ 3:16).

സഭ കൂടിവരുമ്പോൾ പാടേണ്ട വിധം ഇത്തരത്തിലാണ്. നാം ഏതെങ്കിലും ഒന്നു ഇതിനോടു കൂട്ടുവാനോ കുറയ്ക്കുവാനോ പാടില്ല (വെളിപ്പാട് 22:18-19).

നമ്മുടെ ആത്മിയമായ ആരാധനയിൽ ഹൃദയപൂർവ്വം പാടുകയാണ് വേണ്ടത് (എഫെസ്യർ 5:19). ആരാധനയിൽ ദൈവത്തിനു പ്രസാദകരമായതു മാത്രം സ്വീകരിക്കാം. ദൈവവചനത്തോടു കൂട്ടുവാനോ കുറയ്ക്കുവാനോ പാടില്ല എന്ന് ദൈവം മുന്നറിയിച്ചിട്ടുണ്ട്. പുതിയ നിയമത്തിൽ കർത്താവിന്റെ ഹിതം ഹൃദയത്തിൽ പാട്ടുപാടുക എന്നതാണ്. ആത്മീയമായ നിയമമാണ് പുതിയ നിയമം എന്നത് നാം പ്രത്യേകം സ്മരിക്കേണ്ടതാണ്.

✶

സ്ത്രീകൾക്കു വേണ്ടി

# സഭ്യേതരമായി വസ്ത്രം ധരിച്ച സ്ത്രീകൾ

## ഗ്ലെൻ കോളെ

ഒരു സുവിശേഷ പ്രാസംഗികൻ എന്ന നിലയിൽ എന്നെ വേദനിപ്പിക്കുന്ന വിഷയമാണിത്. ഇതു ഒരിക്കലും ചർച്ച ചെയ്യപ്പെടാതിരുന്നെങ്കിൽ എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇതു പഠിപ്പിക്കുന്നവർക്കും കേൾക്കുന്നവർക്കും ലജ്ജ ഉളവാക്കുന്ന ഒന്നാണിത്. മാന്യമല്ലാത്ത രീതിയിൽ വസ്ത്രം ധരിച്ചു നടക്കുന്ന വർക്കു ഇതു ദേഷ്യം ജനിപ്പിക്കും എന്നെനിക്കറിയാം. അവരെ കളിയാക്കുന്നതായി ചിലപ്പോൾ തോന്നിയേക്കാം. അവർ കഴമ്പി ല്ലാത്ത വാദഗതികൾക്കു മുതിരും. പക്ഷെ നാം ഇതു പരാമർശി ക്കേണ്ടിയിരിക്കുന്നു. സഭയിൽ ആയിതീർന്ന സ്ത്രീകൾ നീളം കുറഞ്ഞതും ശരീരത്തിൽ ഒട്ടി കിടക്കുന്നതും ശരീരഭാഗങ്ങൾ പ്രദർശിപ്പിക്കുന്നതുമായ വസ്ത്രധാരണം ചെയ്യുന്നതു തെറ്റു തന്നെയാണ്. മനുഷ്യൻ, ഭർത്താവ്, സ്ത്രീ, ഭാര്യ, അമ്മ എന്നീ ബന്ധങ്ങളെ വികൃതമാക്കുവാൻ ശ്രമിക്കുന്നവരാണ്. അവർ അറിയാതെ മറ്റുള്ളവരിലെ ലൈംഗിക വാസനയെ ഉത്തേജിപ്പി ക്കുകയാണ് ചെയ്യുന്നത്. ഭാര്യക്കും ഭർത്താവിനുമായി ദൈവം രൂപപ്പെടുത്തിയിട്ടുള്ള വാസനയെ അവർ തെറ്റായി ഉപയോഗിക്കുന്നു. അതാണ് ഇതിൽ അടങ്ങിയിട്ടുള്ള ദൂഷ്യവശം. ദൈവം മാന്യമായി വെച്ചിരിക്കുന്നതിനെ അവർ മാന്യതയില്ലാതാക്കി തീർക്കുന്നു.

യാദൃശ്ചികമായിട്ടല്ല ദൈവം സ്ത്രീയെ രൂപപ്പെടുത്തിയത്. ആകാശത്തിലോ ജന്തു ജാലങ്ങളിലോ കാണപ്പെടാത്ത ഒരു പ്രത്യേക ഉദ്ദേശം പ്രഥമ സ്ത്രീയായ ഹവ്വയിൽ നാം കാണുന്നുണ്ട്. ആദാം മുതൽ അവന്റെ സന്തതി പരമ്പരയിലുള്ള എല്ലാ പുരുഷന്മാർക്കും സ്ത്രീകളോടു ആകർഷണീയതയുണ്ട്. എന്താണ് കാരണം? അതു നിമിത്തം അവർ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞു ഒരു

ദേഹമായി തീരും. ഭാര്യയും ഭർത്താവും അന്നു നഗ്നരായിരുന്നു വെങ്കിലും അവർക്കു നാണം തോന്നിയിരുന്നില്ല (ഉല്പത്തി 2:24-25). ദൈവം തന്റെ നിർണ്ണയപ്രകാരം നിർമ്മിച്ചതുകൊണ്ടാണ് പുരുഷൻ സ്ത്രീയോടു ലൈംഗികമായി ആകർഷിക്കപ്പെടുന്നത്. അതു സ്വാഭാവിക മാർഗ്ഗത്തിലൂടെ തന്നെ ലഭ്യമാണ്. ക്രിത്രിമമായ മാർഗ്ഗം ആ ആവശ്യം നിറവേറ്റുവാനായി ആവശ്യമില്ല. ഇതു തെറ്റായി ഉപയോഗിച്ച് വികൃതമാക്കുവാനല്ല ദൈവം സ്ത്രീയെയും പുരുഷനെയും സൃഷ്ടിച്ചത്. യേശുക്രിസ്തു പറഞ്ഞിരിക്കുന്നതു: ഞാനോ നിങ്ങളോടു പറയുന്നതു: സ്ത്രീയെ മോഹിക്കേണ്ടതിനു അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ടു അവളോടു വ്യഭിചാരം ചെയ്തുപോയി എന്നാണ് (മത്തായി 5:28).

ഒരു ഭർത്താവും ഭാര്യയും തമ്മിലുള്ള ശാരീരിക ആകർഷണവും, ബീച്ചിലോ പുഴക്കടവിലോ, പാർക്കിലോ വെച്ചു കാണുന്ന സ്ത്രീ പുരുഷന്മാർ തമ്മിലുള്ള ആകർഷണവും തമ്മിൽ വ്യത്യാസമുണ്ട്. രണ്ടും ഭൗതികമായ ആകർഷണമാണ്. പക്ഷെ വ്യത്യാസം നാം ശ്രദ്ധിക്കണം. ശലോമോൻ ദൈവജ്ഞാനത്താൽ പ്രസ്താവിച്ചിരിക്കുന്നതു: നിന്റെ ഉറവ് അനുഗ്രഹിക്കപ്പെട്ടിരിക്കട്ടെ. നിന്റെ യൗവ്വനത്തിലെ ഭാര്യയിൽ സന്തോഷിച്ചുകൊൾക. കൗതുകമുള്ള പേടമാനും മനോഹരമായ ഇളമാൻ പേടയും പോലെ അവളുടെ സ്തനങ്ങൾ നിന്നെ രമിപ്പിക്കട്ടെ (സദൃശവാക്യങ്ങൾ 5:18-19). അതേ സമയത്തു ഭാര്യയല്ലാത്ത ഒരു സ്ത്രീയെ പുരുഷൻ മോഹിക്കേണ്ടതിനു നോക്കിയാൽ പോലും അവൻ ഉള്ളുകൊണ്ടു വ്യഭിചാരം ചെയ്തുപോയി എന്നാണ്. എന്നാൽ ആളുകൾ പറയുന്നതു ശാരീരികമായി അവർ ബന്ധപ്പെടാത്തിടത്തോളം കുഴപ്പമൊന്നുമില്ല എന്നാണ്. എന്നാൽ ദൈവം നമ്മുടെ പ്രവൃത്തിയും ഹൃദയവും നോക്കുന്നവനാണ്.

ക്രിസ്തീയ സ്ത്രീകളുടെ കഴിവുകളും സ്വാധീനവും എല്ലാം തന്നെ പുരുഷ ഹൃദയങ്ങളിൽ ശക്തമായിട്ടുണ്ടാകും. അവർ ശാരീരികമായി ആകർഷിക്കപ്പെടുവാനല്ല പുതു സൃഷ്ടിയായി തീർന്നത്. അവളുടെ സാന്നിദ്ധ്യം എടുത്തു കാണിക്കുന്നതു അതു തന്നെയായിരിക്കണം. അതിന്റെ ശക്തി ഒരുപക്ഷെ അവൾ അറിഞ്ഞിരിക്കാനിടയില്ല. യോഗ്യമായ വസ്ത്രം ധരിച്ച് തങ്ങളുടെ

ആന്തരികശുദ്ധി നിലനിർത്തി സൽപ്രവൃത്തികൾ ചെയ്യുമ്പോൾ അതാണ് ക്രിസ്തീയ സ്ത്രീകളുടെ അലങ്കാരം. അവരുടെ വസ്ത്രധാരണം യഥാർത്ഥ ദൈവഭക്തി പ്രദർശിപ്പിക്കുന്നതായിരിക്കണം (1 തിമൊഥെയൊസ് 2:9-11). ഭംഗിയുള്ള വസ്ത്രം പാടില്ല എന്നോ, തലമുടി പിന്നുകയോ ചെയ്യരുത് എന്നോ ഇവിടെ പറഞ്ഞില്ല. പിന്നെയോ, അതല്ല ക്രിസ്തീയ യുവതികളുടെ അലങ്കാരം എന്നാണ്. അലങ്കാരത്തിനായി ഇവ ഉപയോഗിക്കുമ്പോൾ അവർ മറ്റുള്ളവരെ തങ്ങളിലേക്കു ആകർഷിക്കുകയായിരിക്കും ചെയ്യുക.

ഇനി നമുക്കു 'ലജ്ജാശീലം' എന്ന പദപ്രയോഗത്തിലേക്കു കടക്കാം. സ്ത്രീകൾക്കു സ്വാഭാവികമായി തങ്ങൾ വിവാഹം ചെയ്യാത്ത പുരുഷന്മാരോടു ലജ്ജയുള്ളവരാണ്. ഇതു സ്വാഭാവികമായി അവരിൽ കാണപ്പെടുന്ന ഒരു സ്വഭാവ വിശേഷതയാണ്. ഉദാഹരണമായി, അനവസരത്തിൽ, അവിചാരിതമായി അവളെ ഒരു പുരുഷൻ കണ്ടാൽ അവൾ നാണിച്ചുപോകും. ഫാഷന്റെ പേരിലോ സ്റ്റയിലിന്റെ പേരിലോ സഭ്യത വിട്ടുള്ള വസ്ത്ര ധാരണം തികച്ചും ദൈവോദ്ദേശത്തിനു വിപരീതമായിട്ടുള്ളതാണ്. അതു ഇനി ഏതെല്ലാം വിധത്തിൽ ന്യായീകരിക്കാൻ ശ്രമിച്ചാലും ദൈവത്തോടു വാദിക്കുന്നതായിട്ടേ വരൂ. സ്ത്രീകൾ തങ്ങളുടെ സ്വന്തമിഷ്ടപ്രകാരം വസ്ത്രം ധരിച്ചാൽ അതുകൊണ്ടുണ്ടാവുന്ന പ്രത്യാഘാതവും അനുഭവിക്കണം. മോശമായ വസ്ത്രം ധരിച്ച അഥവാ സഭ്യമല്ലാത്ത രീതിയിൽ വസ്ത്രം അണിഞ്ഞതുകൊണ്ടു ബലാൽസംഗം നടന്ന സംഭവങ്ങൾ ധാരാളമുണ്ട്. ബാലിശമോ വിഡ്ഢിത്തമോ ആയ രീതിയിൽ പ്രവർത്തിക്കാൻ, മുതിർന്ന സ്ത്രീകൾ തയ്യാറാകരുത്.

സ്ത്രീയുടെ വസ്ത്രധാരണത്തെ കുറിച്ചു പറയുമ്പോൾ ഇന്നു ധാരാളം പരസ്യങ്ങൾ സ്ത്രീയെ വെച്ചുകൊണ്ടു നടത്തുന്നുണ്ട്. ഇതിനെതിരെ പ്രതികരിക്കുവാൻ നാരികൾ അധികവും തയ്യാറാകുന്നില്ല. ഒരു ക്രിസ്തീയ സ്ത്രീക്കു ഇതൊന്നും സഹിക്കാവുന്നതല്ല. സഹോദരിമാരോടു എനിക്കു പറയുവാനുള്ളതു, നിങ്ങൾക്കു ഈ വിഷയത്തിലുള്ള അറിവു ലോകപ്രകാരമുള്ളതാണെങ്കിൽ നമ്മുടെ അറിവിന്റെ മാനദണ്ഡം തിരുവെഴുത്താണ് എന്നോർക്കുക. അധാർമ്മികതയും പാപേച്ഛയും വളർത്തുന്ന പരിഷ്ക്കാരം നമുക്കുവേണ്ട. അടക്കവും ഒതുക്കവും ഉള്ള ഒരു സ്ത്രീ അവളെത്തന്നെ

നിയന്ത്രിക്കും. മറ്റുള്ളവർ എന്തു ചെയ്യുന്നു എന്നതു നോക്കി അപ്രകാരം ചെയ്യുന്നതു പല കാര്യത്തിലും ബുദ്ധിമോശമായിരിക്കും. യോഗ്യമായ വസ്ത്രം ധരിക്കുന്നവരെ എല്ലാവരും മാനിക്കും.

ഒരു സ്ത്രീ വസ്ത്രം ധരിക്കുമ്പോൾ പല കാര്യങ്ങൾ ശ്രദ്ധിക്കണം. സുബോധത്തോടെ വേണം അതു ചെയ്യുവാൻ. താൻ ധരിക്കുന്ന വസ്ത്രം, തന്നെ ലജ്ജിപ്പിക്കുന്നതാണോ അതോ എല്ലാവരുടേയും മുൻപിൽ മാന്യമായതാണോ എന്നു ചിന്തിക്കണം. വിവേചനാബുദ്ധിയാണ് ഇവിടെ ആവശ്യം. താൻ തിരഞ്ഞെടുക്കുന്ന രീതി, തന്നെയോ മറ്റാരെയെങ്കിലുമോ പ്രതികൂലമായി ബാധിക്കാതെ നോക്കണം. നാം ലോകത്തിനു അനുരൂപമാകരുത് എന്നു നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു (റോമർ 12:2). മാതാപിതാക്കൾക്കു തങ്ങളുടെ പെൺമക്കളെ കുറിച്ച് ഉത്തരവാദിത്വമുണ്ട്. അവരുടെ വസ്ത്രധാരണത്തിൽ അപാകതകൾ കണ്ടെത്തിയാൽ അവരെ ശാസിച്ച് അത് ആവർത്തിക്കാതിരിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കണം.

✶

# ആദ്യത്തെ കൊലപാതകം

## ബാബു ജോസഫ്

അവൻ വയലിൽ ഇരിക്കുമ്പോൾ കയീൻ തന്റെ അനുജനായ ഹാബേലിനോട് കയർത്തു അവനെ കൊന്നു (ഉല്പത്തി 4:8).

ഭൂമിയിലെ ആദ്യത്തെ കൊലപാതകം. ആദാം ഹൗവ്വ ദമ്പതികളുടെ മക്കളിൽ നിന്നും ഇതാരംഭിച്ചു. സ്വന്ത സഹോദരനെ കൊന്ന് ആരംഭം കുറിച്ച രക്തച്ചൊരിച്ചിൽ പിന്നീട് സർവ്വസാധാരണമായി. അധികാരം പിടിച്ചെടുക്കാൻ ആയുധമേന്തിയ പടയാളികൾ, അംഗനമാർക്കുവേണ്ടി അരമനയ്ക്കകത്ത് അങ്കം കുറിച്ച രാജാക്കന്മാർ, സാമ്രാജ്യത്തിന്റെ വിസ്തൃതിക്കുവേണ്ടി ചോരപ്പുഴയൊഴുക്കിയ സാമ്രാട്ടുകൾ, മതങ്ങൾക്കുവേണ്ടി അഭിപതനം നടത്തിയ മതാന്ധന്മാർ, നേതാക്കൾക്കുവേണ്ടി രാഷ്ട്രീയബലിവേദിയിൽ കുരുതികൊടുക്കപ്പെട്ട സാധാരണക്കാർ... ഇവയെല്ലാം മാനവരാശിയുടെ, മുഖം വികൃതമാക്കിയ ചോരപ്പാടുകളാണ്. അധർമ്മ

ത്തിന്റെ ഈ തിരുസ്വരൂപത്തിനു കുടിലെന്നോ കൊട്ടാരമെന്നോ, അവികസിത രാജ്യമെന്നോ വികസിതരാജ്യമെന്നോ, കിഴക്കു പടിഞ്ഞാറെന്നോ വ്യത്യാസമില്ല.

അന്യായത്തിനുള്ള അടങ്ങാത്ത ആവേശം എന്തുകൊണ്ട്? കുപ്രസിദ്ധിയിൽ ലജ്ജ തോന്നാത്തതെന്തുകൊണ്ട്? നിയമത്തെ ഭയപ്പെടാത്തതെന്തുകൊണ്ട്? പ്രധാനമായും രക്ഷപ്പെടുവാനുള്ള മാർഗ്ഗങ്ങൾ ഉണ്ടെന്നുള്ളതുതന്നെ. മെനഞ്ഞെടുക്കുന്ന നുണക്കഥകളും, വ്യാജമാർഗ്ഗങ്ങളും ഇവിടെ വിജയം വരിക്കുന്നു. നിയമത്തിന്റെ പഴുതുകൾ കൊണ്ട് സത്യത്തെ ചവിട്ടിമെതിക്കുന്ന കാഴ്ച കോടതികളിൽ നിത്യസംഭവങ്ങളാകുന്നു. രാഷ്ട്രീയ സ്വാധീനവും, പണവും പ്രതാപവും അഴിമതിയും ഇവിടെ വാടക കൊലയാളികളെ സൃഷ്ടിക്കുന്നു. കൊലചെയ്യപ്പെട്ട മൃതദേഹത്തിലെ മുറിവുകളുടെ വർദ്ധിച്ച എണ്ണം കൊലയാളിയുടെ 'ഡിമാന്റ്' ഉയർത്തുന്നു. കൊലപാതകങ്ങളെ ആത്മഹത്യകളാക്കി മാറ്റി പൊതുജനങ്ങളെ വായനക്കാരാക്കി മാറ്റുന്നു.

അറുകൊലയ്ക്കും മനുഷ്യനെ പ്രേരിപ്പിക്കുന്ന സംഗതിയെന്താണ്? എവിടെയാണു തെറ്റുപറ്റിയത്. മണ്ണിനും പെണ്ണിനും പൊന്നിനും വേണ്ടിയാണിതൊക്കെ ചെയ്യുന്നതെന്നു പറയുന്നത്, 'വിള്ളലിൽ വെള്ള തേച്ചെടുക്കുന്നതു' പോലെയേയുള്ളൂ. കാരുണ്യത്തിന്റെ കൈത്തിരിയും സാന്ത്വനത്തിന്റെ കരവുമായി ഒറീസ്സയിൽ വന്നിറങ്ങിയ ഗ്രഹാം സ്റ്റെയിൻസിനെയും മക്കളെയും പ്രതികാരാഗ്നിയിൽ ഹോമിച്ചത്, അരുൾ ദാസിനെ കൊന്നത്, മിഷനറിമാർ വധിക്കപ്പെട്ടത് മണ്ണിനും പെണ്ണിനും പൊന്നിനും വേണ്ടിയല്ലല്ലോ. മതാന്ധത ബാധിച്ച മനഃസാക്ഷി മരവിച്ച കാട്ടാളന്മാർ ചെയ്യുന്ന ക്രൂരകൃത്യമായിരുന്നു അത്. ദൈവസ്നേഹം അറിയാത്തതിനാൽ ദൈവഭയമില്ലാത്തതിനാലത്രേ ഇവ സംഭവിക്കുന്നത്.

അധർമ്മം പ്രവർത്തിക്കുന്നവരേ, ഒന്നോർക്കുക. ദൈവം ന്യായവിസ്താരം നടത്തുന്ന ഒരു ദിവസമുണ്ട്. കയീൻ ഹാബേലിനെ കൊന്നപ്പോൾ ആ കേസ് ഏറ്റെടുത്ത് അന്വേഷിച്ചത് സി.ബി.ഐ യോ എഫ്.ബി.ഐ യോ ആയിരുന്നില്ല. ഇൻഡ്യയിൽ മാത്രം മൂന്നു കോടിയിൽപരം കേസുകൾ കെട്ടിക്കിടക്കുന്നു എന്നു കണക്കുകൾ പറയുന്നു. ദൈവമാണ് ആ കേസ് അന്വേഷിച്ചത്. അതിനാൽ

കാലതാമസം നേരിട്ടില്ല; ഉടനെ കേസിന്റെ വിധിയും വന്നു. നിന്റെ അനുജനായ ഹാബേൽ എവിടെ? എന്ന് ദൈവം കയീനോടു ചോദിക്കുന്നു (ഉല്പത്തി 4:6). നീ ഉഴന്നു നടക്കുമെന്നും ശാപഗ്രസ്ഥനാകുമെന്നും, നിന്റെ പ്രയത്നങ്ങളിൽ നീ കൃതാർത്ഥനാകയില്ലെന്നും ദൈവം കയീനെ ശപിച്ചു (ഉല്പത്തി 4:11-15).

കയീൻ ചെയ്ത കൊലപാതകത്തിൽ എന്തുകൊണ്ട് ദൈവം ഇടപെടുന്നു. മനുഷ്യന്റെ ആയുസ്സിന്റെ മേൽ അധികാരമുള്ളവൻ ദൈവം മാത്രമാണെന്നു ബൈബിൾ പറയുന്നു. സഭാ പ്ര. 8:8. ജീവൻ നല്കിയത് ദൈവമാണ്; ആകയാൽ ജീവൻ തിരിച്ചെടുക്കുവാനും ദൈവത്തിനു മാത്രമെ അധികാരമുള്ളൂ (ഉല്പത്തി 2:7, 8; സഭ.പ്ര. 5:8).

മനുഷ്യമനസ്സുകളിൽ ദൈവസ്നേഹം നിറയണം, മനുഷ്യൻ ദൈവമുള്ളവനായി തീരണം. അതിനു മനുഷ്യനുവേണ്ടി കാൽവറിയിലെ കൊലക്കളത്തിൽ യാഗമായി തീർന്ന്, പാപികളായ മനുഷ്യവർഗ്ഗത്തെ സ്നേഹിച്ച കർത്താവിനെ രക്ഷിതാവായി സ്വീകരിക്ക. എത്ര വലിയ പാപത്തെയും ഏതു വലിയ പാപിയെയും സ്ഥല സാഹചര്യ വ്യത്യാസമെന്യേ യേശു രക്ഷിക്കുന്നു.

ബൈബിൾ പറയുന്നു -

"മരണത്തിനു കൊണ്ടുപോകുന്നവരെ വിടുവിക്കുക;

കുലെക്കായി വിറച്ചു ചെല്ലുന്നവരെ രക്ഷിപ്പാൻ നോക്കു" (സദൃ. 24:11)

"ഇവ നീ ചെയ്തു ഞാൻ മിണ്ടാതിരിക്കയാൽ ഞാൻ നിന്നെപ്പോലെയുള്ളവനെന്നു നീ നിരൂപിച്ചു. എന്നാൽ ഞാൻ നിന്നെ ശാസിച്ചു. നിന്റെ കണ്ണിൻമുമ്പിൽ അവയെ നിരത്തിവെയ്ക്കും" (സങ്കീ. 50:21).

"ഒരു രാജാവ് നീതിയോടെ വാഴും" (യെശ. 32:1).

ആദ്യം ആരംഭിച്ചതായ കുലപാതകം അസൂയ നിമിത്തം പക വളർന്ന് വന്നതിന്റെ ഫലമായിരുന്നു. ഇപ്പോഴും അത്തരത്തിൽ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടുള്ളതാണ് കുലപാതകങ്ങൾ എല്ലാം.

✶

# വിശ്വസ്തമായ ചൊല്ലുകൾ

## മെൽ ഫ്യൂട്രൽ

വിശ്വസനീയമായതും എണ്ണിക്കൂടാത്തതുമായ അനവധി ചൊല്ലുകൾ ബൈബിളിൽ ഉണ്ട്. ബൈബിൾ ദൈവവചനമാകയാൽ എല്ലാ തിരുവെഴുത്തും ദൈവശ്വാസീയം തന്നെ (2 തിമൊഥെയൊസ് 3:16-17). പുതിയ നിയമത്തിലെ ചില പ്രസ്താവനകൾ വിശ്വസ്ത ചൊല്ലുകളായി എടുത്തു പറയാവുന്നവയാണ്. ദയവായി അവ ശ്രദ്ധിക്കുക.

1. യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ വന്നു എന്നതു വിശ്വസനീയമായ വസ്തുതയാണ്. അവന്റെ വരവിന്റെ ഉദ്ദേശത്തെ കേന്ദ്രീകരിച്ചുള്ള പ്രസ്താവനയാണിത് (1 തിമൊഥെയൊസ് 1:15).

2. 1 തിമൊഥെയൊസ് 3:1 ഒരുവൻ അദ്ധ്യക്ഷ സ്ഥാനം കാംക്ഷിക്കുന്നുവെങ്കിൽ നല്ലവേല ആഗ്രഹിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. മൂപ്പന്മാർ അഥവാ ബിഷപ്പുമാർ ആകുന്നതിനെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്.

3. 1 തിമൊഥെയൊസ് 4:8-9 ശരീരാഭ്യാസം അല്പ പ്രയോജനമുള്ളതത്രെ. ദൈവഭക്തിയോ ഇപ്പോഴത്തെ ജീവന്റെയും വരുവാനിരിക്കുന്നതിന്റെയും വാഗ്ദത്തമുള്ളതാകയാൽ സകലത്തിനും പ്രയോജനകരമാകുന്നു. ഇതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം. ദൈവഭക്തിയുടെ വിലയാണ് ഇവിടെ ഊന്നി പറഞ്ഞിരിക്കുന്നത്.

4. 2 തിമൊഥെയൊസ് 2:11-13. നാം അവനോടുകൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും; സഹിക്കുന്നു എങ്കിൽ കൂടെ വാഴും; നാം തള്ളി പറയും എങ്കിൽ അവൻ നമ്മെയും തള്ളിപ്പറയും. നാം അവിശ്വസ്തരായി തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു; തന്റെ സ്വഭാവം ത്യജിപ്പാൻ അവനു കഴിയില്ലല്ലോ. ഈ വചനം വിശ്വാസയോഗ്യമാകുന്നു. മരിച്ചാൽ ജീവിക്കും എന്നതു ഒരാൾ സ്നാനപ്പെടുമ്പോൾ പാപ സംബന്ധമായ ശരീരത്തെ മരിപ്പിക്കുന്നതു സൂചിപ്പിക്കുന്നു. അങ്ങനെ മരിക്കുന്നവൻ ജീവിക്കും; സഹിക്കുന്നുവെങ്കിൽ കൂടെ വാഴും. ഏതു പരീക്ഷണവും സഹിഷ്ണു

തയോടെ നേരിട്ടാൽ അതു സാധിക്കും. നാം തള്ളി പറഞ്ഞാൽ നമ്മെയും തള്ളിപറയും. നാം വിതെക്കുന്നതു തന്നെ കൊയ്യും എന്നു പറയുന്നതുപോലെയാണ്.

5. ഈ വചനം വിശ്വാസയോഗ്യമാകുന്നു. ദൈവത്തിൽ വിശ്വസിച്ചവർ സൽപ്രവൃത്തികളിൽ ഉത്സാഹികളായിരിപ്പാൻ കരുതേണ്ടതിനു നീ ഇതു ഉറപ്പിച്ചു പറയേണം എന്നു ഞാൻ ഇച്ഛിക്കുന്നു (തീത്തോസ് 3:8). ഇതു ശുഭവും മനുഷ്യർക്കു ഉപകാരവും ആകുന്നു. കൃപയാൽ നീതീകരിക്കപ്പെട്ടിട്ട് പ്രത്യാശ പ്രകാരം നാം അവകാശികളായി തീരും എന്നതു വിശ്വസിക്കത്തക്കതാണ്. 1 തിമൊഥെയൊസ് 4:8–9 വാക്യങ്ങളിലേക്കു നാം തിരിഞ്ഞുനോക്കുമ്പോൾ ശരീരാഭ്യാസം അല്പം പ്രയോജനപ്പെടും എന്നും എന്നാൽ ദൈവഭക്തി എല്ലാ കാലത്തും എല്ലാവർക്കും ഉപകാരപ്പെടും എന്നും പറഞ്ഞിരിക്കുന്നു. സഹോദരന്മാരേ ഇതു നാം മനസ്സിലാക്കിയിരിക്കണം. ആ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്ന തത്വവും വിലയും മഹത്തരമാണ്. എല്ലാവരും അംഗീകരിപ്പാൻ യോഗ്യമായ വാചകഘടനയാണത്.

ഈ തലമുറയിലെ വിശുദ്ധന്മാരെ അറിയപ്പെടുന്നതു എങ്ങനെയെന്നു അറിയേണ്ടതാണ്. അവർക്കു തീഷ്ണതയും ആവേശവും ഉണ്ട്. അവരുടെ മക്കൾ സ്വർഗ്ഗത്തിൽ പ്രകാശിതരായി കാണുവാൻ ആഗ്രഹിക്കുന്നതിനു പകരം ഈ ഭൂമിയിൽ അവർ ശോഭിതരായി കാണുവാൻ അവർ പരിശ്രമിക്കുന്നു. അവർ ഇവിടെ ധനികരാകുവാൻ വെമ്പൽ കൊള്ളുന്നു. എന്നാൽ നിത്യ ജീവന്റെ കാര്യത്തിലോ അവർ നിക്ഷേപരഹിതരായി തീരുന്നു. ദൈവ വിഷയമായി അവർ സമ്പാദിക്കുന്നേയില്ല. അവരുടെ മക്കളുടെ സ്വഭാവ വിശുദ്ധിയെ രൂപപ്പെടുത്തുന്നതിനു പകരം അവർക്കുവേണ്ടി സ്വത്തു സമ്പാദിക്കുന്ന വ്യഗ്രതയാണവർക്ക്. നിലനില്ക്കാത്തതും നശിക്കുന്നതുമായ അവരുടെ അദ്ധ്വാനം എന്തിനുവേണ്ടി? സമൂഹത്തിന്റെ മാന്യതയ്ക്കും അംഗീകാരത്തിനും വേണ്ടി പാടുപെടുന്ന മാതാപിതാക്കൾ അവരുടെ ജീവിതാവസാനം തിരിഞ്ഞു നോക്കുമ്പോൾ ശൂന്യതയാണ് അവർക്ക് അനുഭവപ്പെടുന്നത്. വഞ്ചനയും അഴിമതിയും ദുഷ്ടതയും നിറഞ്ഞ സമൂഹത്തിൽ എന്തിനാണീ മാന്യത?

പൊന്നിനെക്കാളും ഈ ലോകത്തെക്കാളും വിലയുള്ള ദൈവ വചന പരിശീലനം അവർക്കു കൊടുത്താൽ അവർ ദിവ്യജ്യോതി സുകളെ പോലെ പ്രകാശിക്കും. ആ ഒരു ചിന്തയാണ് പ്രായപൂർത്തി യായവരിൽ ഉണ്ടാകേണ്ടത്. മതപരമായ സംസ്കാരവും പരിജ്ഞാ നവും ഇന്ന് എവിടെ നില്ക്കുന്നു എന്നു പരിശോധിക്കുക.

# ക്രിസ്തുവിന്റെ മനസ്

## കെയിത്ത് കസാർജിയൻ

മനുഷ്യരുടെ വ്യക്തിത്വത്തിനും ചിന്തക്കും വ്യത്യാസമുണ്ടാകും എന്നതു വാസ്തവമാണ്. എന്നാൽ നമ്മുടെ വിഷയം യേശു ക്രിസ്തുവിന്റെ ചിന്തയെ കുറിച്ചാണ്. കർത്താവിന്റെ സഭയിലുള്ള ആളുകളോടു ആത്മിയമായി നിങ്ങൾ വളരുവാൻ ആഗ്രഹിക്കുന്നില്ലേ എന്നു ചോദിച്ചാൽ 'ഉണ്ട്' എന്ന മറുപടിയായിരിക്കും കിട്ടുന്നത്. അധികം പേരും അതിനു ആഗ്രഹിക്കുക മാത്രം ചെയ്യുകയും അതിനായി ഒന്നും ചെയ്യാതെ ഇരിക്കുകയും ചെയ്യുന്നു. വേറെ ചിലർ ഏതു സാഹചര്യത്തിലും വളർച്ചക്കായി പരിശ്രമിക്കുന്നു. അവർ പ്രാർത്ഥനക്കും ബൈബിൾ വായനക്കും ധർമ്മ ശേഖരത്തി ലായാലും സഭ കൂടി വരുമ്പോഴായാലും അധികം അധികമായി ചെയ്യുന്നുണ്ടെങ്കിലും ചിലർക്കു അപക്വതയുടെ ശൂന്യത അനുഭവപ്പെടുന്നുണ്ട്. എന്താണ് കാരണം? എവിടെയാണ് പാകപ്പിഴ സംഭവിച്ചത്? അവർക്ക് ക്രിസ്തുവിന്റെ മനസ് ഇല്ല എന്നു വ്യക്തം.

ക്രിസ്തീയ വളർച്ചക്കു മുൻപായി ഉണ്ടാകേണ്ടതും ഒഴിച്ചു കൂടാനാവാത്തതുമായ ഒന്നാണ് ക്രിസ്തുവിന്റെ മനസ്. എന്താണ് ക്രിസ്തുവിന്റെ ചിന്ത എന്നു അപ്പൊസ്തലൻ നമ്മെ പഠിപ്പിക്കുന്നുണ്ട്. അവൻ പറയുന്നു ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവ ത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി; തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം

അനുസരണമുള്ളവനായി തീർന്നു. അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നല്കി (ഫിലിപ്പിയർ 2:5-9). രക്ഷകന്റെ മനസ് അഥവാ ഭാവം എന്നു പറഞ്ഞിരിക്കുന്നതിൽ അനേക കാര്യങ്ങൾ അടങ്ങിയിട്ടുണ്ട് എന്നതു ശ്രദ്ധിക്കേണ്ടതാണ്.

സ്വയമായി കീഴ്പ്പെടുന്ന മനോഭാവം ഇതിൽ ഉൾക്കൊള്ളുന്നുണ്ട്. നിർബന്ധത്താലോ ശാഠ്യത്താലോ അല്ല, സ്വയമായി തിരഞ്ഞെടുക്കേണ്ടതാണ് ഈ ഭാവം. ആറാം വാക്യത്തിൽ നാം വായിക്കുന്നതു ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിച്ചില്ല എന്നതാണ്. സ്വന്ത പുകഴ്ച്ചയോ നേട്ടമോ അവൻ എടുത്തില്ല. അത്യാവശ്യമായി ഏതെങ്കിലും ഒരു കാര്യത്തെ വിടാതെ പിടിച്ചുകൊണ്ടിരിക്കുന്ന അർത്ഥമാണ് മൂല ഭാഷയിൽ നാം വായിക്കുന്നത്. സ്വന്തം ഇച്ഛയെ വിട്ട് സ്വയമായി കീഴ്പ്പെടുത്തിയതിന്റെ തെളിവാണ് അവൻ ഭൂമിയിലേക്കു വന്നത്. സ്വാർത്ഥതയെ പ്രോത്സാഹിപ്പിക്കുകയും സ്വാർത്ഥത വെച്ചു പുലർത്തുകയും ചെയ്യുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. പക്ഷെ നാം ഈ പരീക്ഷണത്തെ അതിജീവിക്കണം. സഭയിൽ എന്തെങ്കിലും തീരുമാനം എടുക്കുന്ന സന്ദർഭത്തിൽ നാം നമ്മുടെ അഭിപ്രായത്തിനാണോ മുൻതൂക്കം കൊടുക്കുന്നത് അതോ സഭയുടെ നന്മക്കാണോ? എന്റെ വഴിയും കർത്താവിന്റെ വഴിയും തമ്മിൽ ഒരു തർക്കം ഉണ്ടാകുമ്പോൾ ആരാണ് ജയിക്കുന്നത്? നാം നമ്മെത്തന്നെ താഴ്ത്തിയില്ലെങ്കിൽ ക്രിസ്തു നമ്മുടെ ജീവിതത്തിൽ വരികയില്ല.

ദാസനായി ശുശ്രൂഷ ചെയ്യുക എന്നതാണ് യേശുവിന്റെ സ്വഭാവം (മത്തായി 20:26-28). യേശു ഭൂമിയിൽ ജീവിച്ചപ്പോൾ ജീവിച്ചു കാണിച്ചു തന്ന മാതൃക നാം പിൻപറ്റുവാനുള്ളതാണ്. അവന്റെ ശുശ്രൂഷ നമുക്കു പ്രചോദനം തരുന്നവയാണ്. ക്രിസ്ത്യാനികളായി തീർന്നവരുടെ ഇന്നത്തെ ജീവിത രീതിയും മറ്റും പരിശോധിക്കേണ്ടതാണ്. അവരുടെ ത്യാഗം നമ്മെ നിരാശപ്പെടുത്തുന്നതും വിസ്മയം ജനിപ്പിക്കുന്നതുമാണ്. വിനോദപ്രിയമായ പരിപാടികൾക്കു ടിക്കറ്റ് എടുക്കുവാനായി നീണ്ട വരിയിൽ ദീർഘനേരം നില്ക്കുവാൻ അവർക്കു യാതൊരു വിഷമവുമില്ല. പക്ഷെ

ദൈവത്തിനുവേണ്ടി അല്പനേരം ത്യാഗം സഹിക്കുവാൻ അവർക്കു എന്തൊരു മടിയാണ്. മണിക്കൂറുകൾ യാത്ര ചെയ്തു ഭൗതികമായ പല കാര്യങ്ങൾക്കും പോകുന്നവരുണ്ട്. പക്ഷെ ആ ത്യാഗം ദൈവ വചനപഠനത്തിനോ ആരാധനക്കോ അവർ ഉപയോഗിക്കുന്നില്ല. ക്രിസ്തുവിനോടുള്ള അവരുടെ ബന്ധം എത്രമാത്രമുണ്ടെന്നു അവരുടെ പ്രവൃത്തികൾ തെളിയിക്കുന്നു. ബൈബിൾ വായന യുടേയും സുവിശേഷം അറിയിക്കുന്നതിന്റെയും കാര്യവും അതുപോലെ തന്നെ. മറ്റുള്ള പലതും വായിക്കുന്നതിനും വാചാലമായി സംസാരിക്കാനും കഴിയുന്നവർ ദൈവത്തിനായി അധികമൊന്നും ചെയ്യുന്നില്ല. ക്രിസ്തുവിനുവേണ്ടി എന്തു ചെയ്യുവാനാണ് നമുക്കു മനസ്സുള്ളത്?

പരീക്ഷണങ്ങളെ അതിജീവിക്കുക എന്നതു ക്രിസ്തുവിന്റെ ജീവിതത്തിലെ ഒരു അവിഭാജ്യ ഘടകം തന്നെയായിരുന്നു. അവന്റെ ദൈനന്തിന ജീവിതം പരിശോധിച്ചാൽ അതു വ്യക്തമാകും. അവൻ നമ്മെ പോലെ മനുഷ്യനായിട്ടാണ് ജീവിച്ചത്. എന്നാൽ പാപം കൂടാതെയാണെന്ന വ്യത്യാസം ഉണ്ടായിരുന്നു. സകലത്തിലും അവൻ നമ്മെ പോലെ പരീക്ഷിക്കപ്പെട്ടു. എന്നാൽ അവന്റെ വായിൽ നിന്നു യാതൊരു വഞ്ചനയും പുറപ്പെട്ടില്ല (എബ്രായർ 4:15). പരീക്ഷ എന്താണെന്നും അതിന്റെ ഫലമെന്താണെന്നും നാം തിരിച്ചറിയണം. എങ്കിലേ നമുക്ക് അതിനെ മറി കടക്കുവാൻ സാധിക്കുകയുള്ളൂ. പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാ കുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്ന വർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും. പരീക്ഷി ക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്നു ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു. താൻ ആരെയും പരീക്ഷിക്കുന്നുമില്ല. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്ത മോഹത്താൻ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ തന്നെ (യാക്കോബ് 1:12-14). പരീക്ഷണങ്ങളോടുകൂടെ ദൈവം പോക്കുവഴിയും ഒരുക്കും.

ക്രിസ്തുവിന്റെ ഭാവത്തിലെ മുഖ്യമായ ഒന്നാണ് താഴ്മ. സൗമ്യതയെ പറ്റി പഠിപ്പിക്കുക മാത്രമല്ല, ജീവിതത്തിൽ അങ്ങനെ ആയി തീരുകയും ചെയ്തു. അവൻ തന്നെത്താൻ താഴ്ത്തി

എന്നാണ് പറഞ്ഞിരിക്കുന്നത്. മനുഷ്യരുടെ ഇടയിൽ പുകഴ്ച്ച ആഗ്രഹിക്കാതെ, സ്വയം പ്രശംസിക്കാതെ എളിമ ധരിച്ചിരുന്ന വ്യക്തിയായിരുന്നു ക്രിസ്തു. അഹങ്കാരത്തെയും അതിന്റെ ദോഷഫലത്തെയും അവൻ മുന്നറിയിക്കയും ചെയ്തിട്ടുണ്ട്. ലോക രക്ഷിതാവായി വന്ന യേശു സൗമ്യനായതുകൊണ്ട് ആ സ്വഭാവത്തിനു വിലയുണ്ട്. യേശുവിനെ തന്നെത്താൻ താഴ്ത്തുവാൻ കഴിഞ്ഞതുകൊണ്ട് ഏറ്റവും വലിയ ഉയർച്ച ലഭിച്ചു. പ്രതിഫലം അത്യുന്നതമായിരിക്കുന്ന എളിമയാണ് എനിക്കിഷ്ടം. നിങ്ങളും അത് ആഗ്രഹിക്കത്തക്കതു തന്നെ.

അനുസരണമാണ് മുൻപ് സൂചിപ്പിച്ച സ്വഭാവ വിശേഷതകൾക്കു കാരണം. ദൈവത്തോടുള്ള അനുസരണം അത്യാവശ്യമായി എടുത്തിരിക്കുന്ന ഏവർക്കും ക്രിസ്തുവിന്റെ ഭാവത്തെ നിഷേധിക്കുവാൻ സാധ്യമല്ല. യേശു അനുസരണം പഠിച്ച് തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യ രക്ഷയുടെ കാരണഭൂതനായി തീർന്നു. മരണത്തോളം അവൻ അനുസരണമുള്ളവനായിരുന്നു (എബ്രായർ 5:8-9). ക്രൂശിലെ മരണത്തോളം ദൈവത്തിനു കീഴ്പ്പെടുവാനും അനുസരിക്കുവാനും തയ്യാറായ മനുഷ്യ പുത്രന്റെ ഭാവം എത്ര മനോഹരമാണ് എന്ന് തിരിച്ചറിയുക.

# ക്രിസ്തുവിനെ അനുകരിക്കുന്നതിനു പകരം മനുഷ്യരെ അനുകരിക്കുന്നവർ

**ജോസഫ്. ഡി. മെഡോർ**

അവർ നമ്മുടെ ഇടയിൽ നിന്നു പുറപ്പെട്ടു എങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല; അവർ നമുക്കുള്ളവർ ആയിരുന്നുവെങ്കിൽ നമ്മോടുകൂടെ പാർക്കുമായിരുന്നു; എന്നാൽ എല്ലാവരും നമുക്കുള്ളവർ അല്ല എന്നു പ്രസിദ്ധമാകേണ്ടതല്ലൊ (1 യോഹന്നാൻ 2:19).

സ്നേഹത്തിന്റെ അപ്പൊസ്തലൻ എന്നു പൊതുവെ അറിയപ്പെട്ട യോഹന്നാനാണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നതു രേഖപ്പെടുത്തിയത്. സഭ വിട്ടു പോയവരെയാണ് അവിടെ പരാമർശിക്കുന്നത്.

അവർ ആത്മിയ കാഴ്ച്ചപാടിനു പകരം പ്രാകൃത കാഴ്ച്ചപ്പാടുള്ളവരാണ്. അവൻ എതിർ ക്രിസ്തുവിനെ പറ്റി മുന്നറിയിക്കുന്നുണ്ട്. യേശുക്രിസ്തുവിന്റെ ഉപദേശത്തിനു എതിരായി ചിന്തിക്കുന്നവരാണ് അവർ എന്നു വ്യക്തമാക്കിയിരിക്കുന്നു. അവർ മുൻപ് ക്രിസ്തുവിന്റെ ശിഷ്യത്വം സ്വീകരിച്ചു കർത്താവിന്റെ സഭയിൽ ആയി തീർന്നവർ ആയിരുന്നു. അവർക്കു സംഭവിച്ചതെന്തെന്നു അറിയിച്ചിരിക്കയാണ് അപ്പൊസ്തലൻ.

ശിഷ്യത്വം സ്വീകരിച്ചു പിൻമാറി പോകുന്നവരിൽ ദൈവത്തിന്റെ ആത്മാവു വസിച്ചിട്ടില്ല. ദൈവത്തെ യഥാർത്ഥമായി അനുസരിക്കുന്നവരിലാണ് ദൈവം തന്റെ ആത്മാവിനെ നല്കുന്നതു. യഥാർത്ഥ ശിഷ്യന്മാരിൽ ആത്മാവിന്റെ ഫലങ്ങൾ നിരന്തരമായി കാണും. ശിഷ്യന്മാരുമായി തുടർന്നു സത്യത്തിൽ നില്ക്കുന്നവരായിരിക്കും പരമാർത്ഥ ഹൃദയമുള്ളവർ. അവർ തെറ്റിലേക്കു പോകുന്നതു എന്തു കാരണത്താലായാലും അതു നീതീകരിക്കാവുന്നതല്ല. ഉപദേശത്തെയും സത്യത്തേയും ത്യജിച്ചിരിക്കുന്നവർ നല്ല മനസാക്ഷി തള്ളിക്കളഞ്ഞിട്ടു അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി (1 തിമൊഥെയൊസ് 1:19).

പല രീതിയിലും ഭാവത്തിലുമാണ് ബൈബിളിൽ വിശ്വാസത്യാഗത്തെ വിശദീകരിച്ചിരിക്കുന്നതു. അതൊരു ആത്മീയ രോഗമാണ്. പഴയ നിയമത്തിലും പുതിയ നിയമത്തിലും തെറ്റി പോയവരുടെ ഉദാഹരണങ്ങൾ കാണാം. അതുകൊണ്ടു നമ്മുടെ ശ്രദ്ധ ഈ വിഷയത്തിലേക്കു തിരിക്കാം. എന്തുകൊണ്ടാണ് ചിലർ വിശ്വാസം വിട്ടുപോകുന്നത്?

## വഞ്ചന

എല്ലാ തലമുറയിലും പെട്ട സ്ത്രീ പുരുഷന്മാർക്കെതിരായി പ്രവർത്തിക്കുന്ന ദുഷ്ടശക്തിയുടെ ആയുധമാണ് വഞ്ചന. കൊരിന്ത്യയിലെ കർത്താവിന്റെ ശരീരമായിരുന്ന സഭയ്ക്കു പൗലൊസ് ലേഖനം എഴുതുമ്പോൾ അന്നു പിശാചിനാൽ വഞ്ചിക്കപ്പെട്ടവരായ ആളുകൾ സഭയിൽ ഉണ്ടായിരുന്നതായി പറയുന്നുണ്ട്. അവരുടെ ഉദ്ദേശവും പ്രവൃത്തിയും സഭയെ ഭിന്നിപ്പിക്കുക എന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സത്യത്തിന്റെ പരിജ്ഞാനം ലഭിക്കാത്തവരാണ് ദുരുപദേഷ്ടാ

ക്കന്മാരുടെ ചതിയിൽ അകപ്പെടുന്നത്. ദൈവവചനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സത്യത്തെ അവർ ഗ്രഹിക്കാൻ തക്കവണ്ണം വായിക്കാത്തതുകൊണ്ടും ദൈവവചന പഠനം ഉപേക്ഷയായി വിചാരിക്കുന്നതുകൊണ്ടും ആണ് അങ്ങനെ സംഭവിക്കുന്നത്. കർത്താവായ യേശുക്രിസ്തുവിന്റെ പത്ഥ്യവചനവും ഭക്തിക്കൊത്ത ഉപദേശവും അനുസരിക്കാതെ അന്യഥാ ഉപദേശിക്കുന്നവൻ ഒന്നും തിരിച്ചറിയാതെ ചീർത്തിരിക്കയാണ് (1 തിമൊഥെയൊസ് 1:19–20; 6:3–4). അത്തരം ദുരുപദേഷ്ടാക്കൾ കപട വേഷക്കാർ എന്നത്രെ പൗലൊസ് പറഞ്ഞിരിക്കുന്നത്.

ഇങ്ങനെയുള്ളവർ കള്ള അപ്പൊസ്തലന്മാർ, കപട വേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവർ അത്രേ; അതു ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല; അവരുടെ അവസാനം അവരുടെ പ്രവർത്തികൾക്കു ഒത്തതായിരിക്കും (2 കൊരിന്ത്യർ 11:13–15). എന്റെ ജനം പരിജ്ഞാനമില്ലായ്കയാൽ നശിച്ചു പോകുന്നുവെന്നു നൂറ്റാണ്ടുകൾക്കു മുൻപ് ജീവിച്ചിരുന്ന പ്രവാചകൻ പറഞ്ഞിരുന്നു (ഹോശെയാ 4:6). അറിവില്ലായ്കയാൽ ആളുകൾ പെട്ടെന്നു വഞ്ചിക്കപ്പെടുന്നു. ക്രിസ്തുവിന്റെ ഉപദേശത്തിനു പകരം മനുഷ്യർക്കും അവരുടെ ഉപദേശങ്ങൾക്കും പ്രാമുഖ്യം കൊടുക്കുന്നതുകൊണ്ടു അനേകർ തെറ്റായ ഉപദേശങ്ങൾ വിശ്വസിക്കാനിടയാകും എന്നു ബൈബിളിൽ മുന്നറിയിച്ചിട്ടുണ്ട് (2 തിമൊഥെയൊസ് 4:1–3; മത്തായി 7:21–23). ക്രിസ്തുവിലുള്ള വിശ്വാസത്തിനു പകരം നാം സമൂഹത്തിനോ, മാനുഷിക നായകന്മാർക്കോ പ്രാധാന്യം കൊടുക്കരുത്. കർത്താവിന്റെ വചനത്തിനായിരിക്കണം പരമ പ്രധാനം (യോഹന്നാൻ 14:15–23).

## മുൻഗണനക്കുള്ള വാഞ്ഛ

പേരിൽ മാത്രം ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്ന ചിലർ ദൈവിക കാര്യങ്ങളെ തങ്ങളുടെ നിയന്ത്രണത്തിൽ നിർത്തുവാനും ശക്തമായ മുൻഗണന ആഗ്രഹിക്കുകയും ചെയ്യുന്നു. തന്മൂലം അവർ അധികാരത്തിനുവേണ്ടി സഭയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചെന്നുവരാം.

സഭയിൽ ദൈവം നിക്ഷിപ്തമാക്കിയിരിക്കുന്ന അദ്ധ്യക്ഷ സ്ഥാനം ഒരു പദവിക്കു വേണ്ടിയുള്ളതല്ല. മറിച്ച് ഇടവകയെ ശുശ്രൂഷിക്കുക എന്ന പ്രവൃത്തിയെയാണ് അതിൽ വെളിപ്പെടുത്തിയിരിക്കുന്നത്. മത്സരിക്കുവാനോ അന്യോന്യം വലുത് ആർ എന്നു കാണിക്കുന്നതിനോ ഒന്നുമല്ല മൂപ്പന്മാർ അഥവാ ഇടയന്മാർ ശ്രമിക്കേണ്ടത്.

സഭയിൽ പ്രഥമ സ്ഥാനം കാംഷിച്ച വ്യക്തിയെ യോഹന്നാൻ പരിചയപ്പെടുത്തിയിട്ടുണ്ട് (3 യോഹന്നാൻ 9). ദിയൊത്രെഫേസ് സഭയിൽ പ്രധാനിയാകാൻ ശ്രമിക്കയും അപ്പൊസ്തലന്മാരെ കൂട്ടാക്കാതിരിക്കയും ചെയ്തു. യോഹന്നാൻ അതു അവനെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ആത്മിയമായി താൻ ഏറ്റവും ഉയർന്ന നിലയിൽ എത്തി എന്നു കരുതിയതു കൊണ്ടാണ് അവൻ അങ്ങനെ ചിന്തിക്കുന്നത്.

## ഉപദേശത്തെ വെറുക്കുന്നവർ

ആരാധനയെ സംബന്ധിച്ചു രേഖപ്പെടുത്തിയ കർത്താവിന്റെ ഹിതത്തെ പരസ്യമായി മലിനമാക്കുന്ന സ്വഭാവം നമ്മുടെ പിതാക്കന്മാരുടെ കാലം തൊട്ടുള്ളതാണ് (ഉല്പത്തി 4:5; ലേവ്യാപുസ്തകം 10:1-2). സംഘടിപ്പിക്കുന്നതിനെ കുറിച്ചും അതു വാസ്തവമാണ് (സംഖ്യാപുസ്തകം 16; യൂദാ 11). ദൈവാധികാരത്തെ മാനിക്കാതിരിക്കുന്നവർ ശിക്ഷിക്കപ്പെടും എന്നതിനു രണ്ടു പക്ഷമില്ല (സങ്കീർത്തനങ്ങൾ 107:11). തൻമൂലം അനീതി, അതിക്രമം, മത്സരം എന്നിവയും കാഠിന്യവും അവരിൽ പ്രകടമാകും (ആവർത്തന പുസ്തകം 31:27).

ക്രിസ്ത്യാനിത്വത്തെ പുരോഗമിപ്പിക്കുക എന്ന ലക്ഷ്യമിട്ടു സഭയിൽ ക്രിസ്തുവിന്റെ ഉപദേശത്തെ മാറ്റിനിർത്തി മാനുഷ്യ ബുദ്ധിക്കനുസരിച്ചു കർത്താവിന്റെ ഇഷ്ടത്തെ മാറ്റുന്ന ചിലർ ഉണ്ട്. എങ്ങനെയായാലും മനുഷ്യരുടെ ഉപദേശങ്ങൾ എത്ര ഉയർന്നതായാലും ദൈവകൽപനകൾക്ക് തുല്യമാകയില്ല. തന്നെയുമല്ല മനുഷ്യരെക്കാൾ നാം ദൈവത്തെ അനുസരിക്കേണ്ടതാകുന്നു എന്നും പിൻപറ്റേണ്ട ശരിയായ മാതൃക കർത്താവിന്റേതാണെന്നും മനുഷ്യരെ ദൈവം ബോധ്യമാക്കിയിട്ടുള്ളതാണ്.

✶

# മരുഭൂമിയിലെ ശബ്ദം

## ജോണി രാംസെ

പഴയ നിയമ പ്രവാചകന്മാരിൽ നിന്നുയർന്നതു മരുഭൂമിയിലെ അത്യുച്ചത്തിലുള്ള ശബ്ദമായിരുന്നു. അവരെല്ലാം ദൈവത്തിനു വേണ്ടി സംസാരിക്കുന്നവരായിരുന്നു. സത്യം അവരിൽ നിന്നു ബഹിർഗമിച്ചിരുന്നു. അവരുടെ ഹൃദയങ്ങളിൽ നിന്നു ജനങ്ങളിലേക്കു ദൈവത്തിന്റെ അരുളപ്പാടുകൾ ഒഴുകിയിരുന്നു. അവർ ആരെ രക്ഷിപ്പാനായി സേവിച്ചിരുന്നുവോ അവർ ഈ പ്രവാചകന്മാരെ അപമാനിതരാക്കി. എങ്കിലും അവർ തങ്ങളുടെ യഹോവയോടുള്ള വിധേയത്വം വിട്ടു കളഞ്ഞില്ല. സൗകര്യമനുസരിച്ച് മതത്തെ കൊണ്ടു പോകുന്നവരും അജ്ഞരും, ദൈവഭക്തിയെ സംബന്ധിച്ച് പാരമ്പര്യത്തെ മുറുകെ പിടിക്കുന്നവരുമായ ജനത്തോടുള്ള അവരുടെ പ്രവർത്തനം എളുപ്പമായിരുന്നില്ല. ദൈവാലയത്തിനു പിന്നിൽ ഒളിച്ചുപാർക്കുന്ന ജനത്തെ നോക്കി യിരമ്മ്യാ പ്രവാചകൻ കരയുന്നുണ്ട് (യിരമ്മ്യാവു 7:1–28). അതു ക്രമേണ ആത്മാർത്ഥതയും സത്യസന്ധതയും ഉള്ള ധ്യാനവും സമർപ്പണം ഉള്ള സേവനവുമായി തീർന്നു. മത്സരികളായ ജനം തങ്ങളുടെ അകൃത്യത്തോടു അകൃത്യം കൂട്ടിക്കൊണ്ടിരുന്നതിനാൽ യെശയ്യാവു കരഞ്ഞു (യെശയ്യാവു 30:1). യെഹൂദ്യയുടെ ലജ്ജാകരമായ അകൃത്യം നിമിത്തം അവർ ബാബിലോണിൽ എഴുപതു വർഷം അടിമകളായി കഴിയേണ്ടിവന്നു. ഇതോർത്ത് അനാതോത്ത് പൊട്ടിക്കരയുന്നുണ്ട് (വിലാപങ്ങൾ 1:12; 4:5).

കെബാർ നദീ തീരത്തുവെച്ചു യെഹസ്ക്കേൽ പ്രവാചകനുണ്ടായ അരുളപ്പാടിൽ ദൈവജനത്തെ ഓർമ്മിപ്പിച്ചതു: അവർ അയൽ രാജ്യങ്ങളിലെ പ്രവൃത്തികളെ അനുകരിച്ച് അവരെ പോലെ ആകുവാൻ ശ്രമിച്ചതുകൊണ്ട് എഴുപതു സംവത്സരം വേദനാജനകമായ അടിമത്വം അനുഭവിക്കേണ്ടിവന്നു (യെഹസ്ക്കേൽ 20:32). സ്വർഗ്ഗീയ വക്താവായിരുന്ന ബുദ്ധിമാനായ ദാനിയേലിനേയും ദൈവം ഒരു കാര്യം ഓർമ്മിപ്പിക്കുകയുണ്ടായി. ജാതികളായ രാജാക്കന്മാരുടെ വാഴ്ച്ചക്കാലമായിരുന്നു. ദൈവജനം ദൈവത്തിൽ നിന്നു പിന്തിരിഞ്ഞു പോയതായിരുന്നു. അവർ ആരിൽനിന്നു

പിരിഞ്ഞു പോയോ അവൻ തന്നെയാണ് യഥാർത്ഥ രാജാവെന്ന് ദാനിയേൽ വെളിപ്പെടുത്തി (ദാനിയേൽ 4:25). യെശയ്യാവ് മുതൽ ദാനിയേൽ വരെയുള്ള ഈ പ്രവാചക പുസ്തകങ്ങളിൽ ശക്തമായ സന്ദേശങ്ങൾ അടങ്ങിയിട്ടുണ്ട്. പക്ഷെ ദുഃഖകരമെന്നു പറയട്ടെ; അതെല്ലാം വെറും മരുഭൂമിയിലെ ശബ്ദങ്ങൾ മാത്രമായി അവശേഷിക്കുന്നു. കാരണം നമ്മുടെ കാലയളവിൽ അതു വായിക്കുകയോ മനസ്സിലാക്കുകയോ ചെയ്യുന്നവർ വളരെ കുറച്ചു മാത്രം. ഈ പ്രവചന പുസ്തകങ്ങൾ പഠിക്കുവാനുള്ള അവസരം തള്ളി കളയുന്നതു നിമിത്തം നമ്മുടെ ആത്മീയ ഉൾക്കാഴ്ച്ച വർദ്ധിക്കുന്നില്ല.

പഴയനിയമത്തിലെ അവസാനത്തെ പന്ത്രണ്ടു പുസ്തകങ്ങളിൽ വളരെ വിലപ്പെട്ട വാക്യങ്ങൾ മുഖാമുഖമായി കാണാൻ പറ്റുന്നവയുണ്ട്. ഹോശെയാ മുതൽ മലാഖിവരെ കടുപ്പമേറിയ പ്രതലത്തെ തകർക്കത്തക്ക ആത്മിയശക്തി തന്നെയാണ്. ആ പ്രാസംഗികന്മാരെല്ലാം പ്രതിരോധനിര ഗണ്യമാക്കാതെ സത്യത്തിൽ നിലനിന്നു സൃഷ്ടാവിനുവേണ്ടി സംസാരിച്ചവരായിരുന്നു. യെഹൂദന്മാരുടെ പള്ളികളിൽ പൂർവ്വന്മാർക്കു സംഭവിച്ചത് അവരെ പൗലൊസ് ഓർപ്പിക്കുന്നുണ്ട്. എല്ലാ ശബ്ബത്തിലും അവർ പ്രവാചകന്മാരുടെ വാക്കുകൾ കേട്ടു; വിശുദ്ധമായ വേദവാക്യങ്ങൾ വായിച്ചുകേട്ടു. യോന ഒഴിച്ച് മറ്റു പ്രവാചകന്മാർ ജനങ്ങളുടെ ശത്രുതക്ക് ഇരയായി. ദൈവസന്ദേശം അവൻ ശക്തമായി പ്രഖ്യാപിക്ക തന്നെ ചെയ്തു (യോനാ 3:2). മനുഷ്യർക്ക് അവരെ വാടകക്ക് എടുക്കുവാനോ അവരെ ശിക്ഷിക്കുവാനോ കഴിഞ്ഞില്ല. കാരണം അവരുടെ സമർപ്പണം അവരുടെ സൃഷ്ടികർത്താവിനോടായിരുന്നു. അവരുടെ സമകാലീന മാനുഷിക നേതാക്കന്മാരോടായിരുന്നില്ല അവരുടെ വിധേയത്വം (ഗലാത്യർ 1:10). അതുകൊണ്ട് അവർ മനുഷ്യരെ പ്രസാദിപ്പിച്ചില്ല.

ഹോശെയാ 4:6–ബൈബിൾ പരിജ്ഞാനം തീർച്ചയായും ഉണ്ടായിരിക്കണം. യോവേൽ 2:13–ആന്തരിക വിശുദ്ധി ആവശ്യപ്പെട്ടിരിക്കുന്നു. ഒബേദ്യാവ് 3– നാശത്തിനുമുൻപേ നിഗളം. യോനാ 3:2– ദൈവദൂത് പ്രസംഗിക്ക തന്നെ വേണം. മീഖാ 6:8– ശരിയായ മനോഭാവം പ്രദർശിപ്പിക്കണം. നാഹൂം 1:3– ദൈവം, ദുഷ്ടത കണ്ടിട്ടു നിന്ദിച്ചു തള്ളി കളയുന്നില്ല. ഹബക്കൂക്ക് 2:20– ആദരവ്

അനുസരണത്തെ ആവശ്യപ്പെടുന്നു. സെഫന്യാവ് 1:18–നമ്മുടെ വിഗ്രഹങ്ങൾ നമ്മെ രക്ഷിക്കുകയില്ല. ഹഗ്ഗായി 1:6– ദൈവത്തിനു പ്രഥമസ്ഥാനം കൊടുക്കാത്ത ജീവിതം ശൂന്യമാണ്. സെഖര്യാവ് 13:1– വീണ്ടെടുപ്പ് കാൽവരിയിൽ കൂടെ വരുന്നു. മലാഖി 3:8– ദൈവത്തെ കവർന്നെടുക്കുന്നതു ഗൗരവമേറിയ കുറ്റം.

മുകളിൽ സൂചിപ്പിച്ച വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നത് ആമോസ് പറഞ്ഞതിനോടു ഒക്കുന്നു. സ്വർഗ്ഗീയ ഹിതത്തോടു യോജിക്കാതെ നമുക്കു ദൈവത്തോടുകൂടെ നടക്കാൻ സാദ്ധ്യമല്ല. യോവേൽ നമ്മെ ഓർമ്മിപ്പിക്കുന്നതു: തീരുമാനമെടുക്കേണ്ട സമയം വരുമ്പോൾ തിരഞ്ഞെടുക്കാൻ കഴിയാതെ വരുന്ന സാഹചര്യം മീഖാ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. ക്രിസ്ത്യാനിത്വത്തിന്റെ ആവിർഭാവവും (4:1–3) മശിഹയുടെ ജനനവും (5:2) നമ്മുടെ പാപങ്ങൾ സമുദ്രത്തിന്റെ അഗാധത്തിൽ തള്ളിയിടുവാൻ കഴിവുള്ളവനാണ് ദൈവം (7:9). യഹോവക്കു ഒരു ഓർമ്മ പുസ്തകം ഉണ്ടെന്നു മലാഖി വെളിപ്പെടുത്തിയിരിക്കുന്നു. നമ്മുടെ പേർ ജീവ പുസ്തകത്തിൽ നിന്നു നീക്കം ചെയ്യാതെ നാം ജീവിക്കണം (വെളിപ്പാട് 3:1–5). നാം നമ്മെത്തന്നെ ശോധന ചെയ്തു ദൈവത്തിലേക്കു തിരിയുവാൻ ദൈവം ആഗ്രഹിക്കുന്നു.

നമ്മുടെ സ്വന്ത കഴിവോ ശക്തിയോ അല്ല നമ്മെ നില നിർത്തുന്നത്. ദൈവത്തിന്റെ ശക്തിയും സഹായവുമാണ് നമ്മെ നിലനിർത്തുന്നത്. സെഖര്യാവ് ഈ സത്യം നമ്മെ ബോധ്യപ്പെടുത്തുന്നു. സ്വന്ത ആത്മാവിനെതിരെ ചെയ്യുന്ന പാപമാണ് ഏറ്റവും അപകടകരമായിട്ടുള്ളത്. അകൃത്യത്തിന്റെ പുക അടങ്ങുമ്പോൾ വിശ്വസ്തരെ മാത്രമെ കാണാൻ കഴിയൂ. യിസ്രായേൽ യഹോവയ്ക്കു വേണ്ടി ഒരുങ്ങിയിരിക്കേണ്ടിയിരുന്നു. എന്നാൽ അവൾ അവിശ്വസ്തരെ കാണിച്ച് പരസംഗം ചെയ്തു. ഏശാവിന്റെ പിൻഗാമികൾ തങ്ങളുടെ സഹോദരന്മാരെ കുറിച്ച് കരുതലില്ലാതെ മറുകരയിൽ നിന്നു സന്തോഷിക്കുന്നവരായി കാണുന്നു. യഹോവയുടെ അത്ഭുത ന്യായവിധി അവർ അനുഭവിക്കേണ്ടിവരും. നമ്മുടെ സുഖത്തേക്കാൾ മറ്റുള്ളവരുടെ രക്ഷ വലുതായി നാം കാണണം.

✶

# വാർത്തകൾ

## വാഹനമില്ല: യുവാവ് രക്തം വാർന്നു മരിച്ചു

ബൈക്കപകടത്തിൽ ഗുരുതരമായി പരുക്കേറ്റ യുവാവിനെ ആശുപത്രിയിലെത്തിക്കുവാൻ വാഹനത്തിനായി നെട്ടോട്ടം. ഒടുവിൽ പോലീസ് സഹായത്തോടെ ആശുപത്രിയിലെത്തിച്ചപ്പോഴേക്കും ആലുവ കൂട്ടമശേരി തുരുത്തിക്കാട്ട് രവിയുടെ മകൻ ശിവജി (37) മരണത്തിനു കീഴടങ്ങി.

✶

## ഹൃദ്രോഗിയായ കെഎസ്ആർടിസി ഡ്രൈവർക്കു മർദ്ദനം

പത്തനംതിട്ടയിൽ നിന്നു പുനലൂരിലേക്ക് സർവീസ് നടത്തിയ കെഎസ്ആർടിസി ബസ് ഡ്രൈവർ ടി.സി. ജോർജ് (36) ന് പത്തനാപുരം ഡിപ്പോയിൽ വെച്ചു മർദ്ദനമേറ്റു. വാഹന പണിമുടക്കു ദിവസം സർവീസ് നടത്തിയതിൽ പ്രതിഷേധിച്ച് പത്തനാപുരം ഡിപ്പോയിലെ ജീവനക്കാരാണ് മർദ്ദിച്ചത്. രാവിലെ 8-30-ന് ആയിരുന്നു സംഭവം.

✶

## ചന്ദ്രനിൽ വൻ ഹിമശേഖരം: വീണ്ടും ചന്ദ്രയാന് അഭിമാന നിമിഷം

ചന്ദ്രന്റെ ഉത്തരധ്രുവത്തിൽ വൻതോതിൽ മഞ്ഞുകട്ടകളുടെ നിക്ഷേപമുണ്ടെന്നു ചന്ദ്രയാൻ ദൗത്യത്തിൽ കണ്ടെത്തിയതായി യു.എസ്. ബഹിരാകാശ ഗവേഷണ ഏജൻസിയായ 'നാസ' യും പിന്നാലെ ഇന്ത്യയുടെ ഐഎസ്ആർഒ യും സ്ഥിരീകരിച്ചു.

✶

# *Watch!*

# SATHYANADAM

## TV PROGRAM

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## ബാലികയെ പീഡിപ്പിച്ച രണ്ടുപേർ അറസ്റ്റിൽ

ബന്ധുവായ പതിനൊന്നുകാരിയെ ഒരുവർഷമായി പീഡിപ്പിച്ചുവന്ന കേസിൽ ബന്ധുക്കളായ രണ്ടുപേരെ പോലീസ് അറസ്റ്റു ചെയ്തു. ശ്രീനിവാസപുരം സിമി മൻസിലിൽ അമീർ (58), ഇയാളുടെ ബന്ധുവായ പതിനാറുകാരൻ എന്നിവരാണു പിടിയിലായത്.

✶

## എസ്ഐയുടെ മൂക്ക് കടിച്ചു മുറിച്ചു

ബിവ്റിജസ് കോർപറേഷന്റെ ചില്ലറ വിൽപനശാല തുറക്കാത്തതിൽ രോഷംപൂണ്ട സിപിഎം പ്രവർത്തകൻ എസ്ഐയുടെ മൂക്ക് കടിച്ചുമുറിച്ചു. തടയാൻ ശ്രമിച്ച പോലീസുകാരന്റെ കഴുത്ത് പിടിച്ചു തിരിക്കുകയും ചെയ്തു.

✶

## വേദനയ്ക്കെതിരെ നിശ്ശബ്ദം പോരാടുന്നവർ

വാർദ്ധക്യത്തിന്റെ ഏറ്റവും ദുരിതപൂർണമായ നിമിഷങ്ങളായിരുന്നു അവിടെ കണ്ടത്. കുന്നിൻമുകളിലെ ഒറ്റമുറിയുള്ള ഓലക്കുടിലിന്റെ ഇത്തിരിവട്ടത്തിൽ തളർവാതം വന്നു ചലനശേഷി നഷ്ടപ്പെട്ട വീട്ടമ്മ. അവരുടെ കിടക്കയ്ക്കരികിൽ പുകയടങ്ങാത്ത അടുപ്പിനു മുകളിൽ മൺകലത്തിൽ പാതി വെന്ത കഞ്ഞി. ചുറ്റും കുറെ ചട്ടിയും കലവും. അയക്കോലയിൽ മുഷിഞ്ഞുകീറിയ തുണികൾ, തുരുമ്പുപിടിച്ച ഒരു ട്രങ്കാണു കുടിലിനുള്ളിലെ ഏക ആഡംബരം.

✶

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 March**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/10-11
Licensed to post without prepayment No. KL / TV (N) / WPP/40/2010 -11

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378

To